"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോഴിക്കോട് ജില്ല - റോഡുകളുടെ പുനരുദ്ധാരണം ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.792/2025/DMD തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-
1. സ. ഉ. (കൈ) നം. 3/2018/DMD തീയതി, 27.03.2018
2. സ. ഉ. (സാധാ) നം. 634/2025/DMD തീയതി, 15.10.2025
3. 30.10.2025 തീയതിയിൽ കുന്ദമംഗലം എം.എൽ.എ. അഡ്വ. പി. ടി. എ. റഹീം സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജക മണ്ഡലത്തിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട കളരിക്കപ്പൊയിൽ കോട്ടമുക്ക് റോഡ് പ്രവൃത്തിക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത റോഡ് മണ്ണ് റോഡായതിനാൽ ഫ്ലഡ് പ്രവൃത്തികളുടെ മാനദണ്ഡങ്ങൾ പ്രകാരം നടത്തുവാൻ സാധിക്കില്ല ആയതിനാൽ ടി പ്രവർത്തിയ്ക്ക് പകരം ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ തന്നെ മലയമ്മ കുറുങ്ങാട്ടക്കടവ് റോഡ്, പുള്ളന്നൂർ ഇടക്കുറുങ്ങാട്ട്കടവ് റോഡ് എന്നീ പ്രവൃത്തികൾക്ക് 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപ വീതം മാറ്റി അനുവദിച്ചുകൊണ്ട് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ജില്ലാകളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/215/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 31-12-2025 12:33:15

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്